കേര കൃഷി വികസനത്തിനു് മുദാക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1946 [3018] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര വികസനത്തിനുവേണ്ടി മുദാക്കൽ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിൽ നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) കേര വികസനത്തിനുവേണ്ടി മുദാക്കൽ പഞ്ചായത്തിൽ മാത്രം ചെലവാക്കിയ തുകയുടെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല. എന്നാൽ മുദാക്കൽ പഞ്ചായത്തും, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും ചേർന്നുള്ള പ്രദേശത്തേക്കു് ആറ്റിങ്ങൽ കൃഷി വികസന ഓഫീസു വഴി കേര വികസനത്തിനുവേണ്ടി ഇതേവരെ കൃഷി വകുപ്പിൽനിന്നും 19,691 രൂപ (പത്തൊൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്നു്) ചെലവാക്കിയിട്ടുണ്ടു്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ മുദാക്കൽ പഞ്ചായത്തും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന പ്രദേശത്തേക്കു പ്രയോജനപ്പെടുത്താൻ 27,191 രൂപ (ഇരുപത്തി ഏഴായിരത്തി നൂറ്റി തൊണ്ണൂറ്റി ഒന്നു്) നീക്കിവച്ചിട്ടുണ്ടു്.

കേര കൃഷി വികസനത്തിനു് മടവൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1947 [3019] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി 1986-87-ൽ മടവൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേയ്ക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്കു് നീക്കിവച്ചിട്ടുള്ള തുക എത്ര?

ഉത്തരം

(എ) പഞ്ചായത്തു തിരിച്ചു് പ്രത്യേക കണക്കു് ലഭ്യമല്ല. മടവൂർ പഞ്ചായത്തുൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾക്കായി 37,000 രൂപ ചെലവാക്കിയിട്ടുണ്ടു്.

(ബി) മടവൂർ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന യൂണിറ്റിനുവേണ്ടി 43,000 രൂപ നീക്കിവച്ചിട്ടുണ്ടു്.

നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത

1948 [3020] ശ്രീ. എ.സി. ഷൺമുഖദാസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1985-86 സാമ്പത്തിക വർഷത്തിലെ നാളികേര ഉൽപ്പാദനം എത്രയെന്നാണു് കണക്കാക്കിയിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ഈ കാലയളവിൽ ഇന്ത്യയിൽ ഉൽപ്പാദിപ്പിച്ചിട്ടുള്ള നാളികേരത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണം എന്താണെന്ന്. വെളിപ്പെടുത്താമോ;

(ഇ) ഇതിന് പരിഹാരമായി എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1985-86 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ 314.86 കോടി നാളികേരം ഉൽപ്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 1985-86-ലെ ഇന്ത്യയിലെ നാളികേരോൽപ്പാദനത്തിന്റെ കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) 1980-81-ന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നതായും 1980-81 അടിസ്ഥാന വർഷമായി കണക്കാക്കി ഉൽപ്പാദനക്ഷമത നോക്കുമ്പോൾ 1984-85 വരെ ഉൽപ്പാദനക്ഷമത ക്രമാനുഗതമായി വർദ്ധിച്ചു വരുന്നതായും ആണ് കാണുന്നത്. എന്നാൽ 1985-86 വർഷത്തിൽ 1984-85നെ അപേക്ഷിച്ച് ഉൽപ്പാദനക്ഷമത കുറഞ്ഞതായി കാണുന്നു.

(ഡി) 1980-81-നുശേഷം ഉൽപ്പാദനക്ഷമത വർദ്ധിച്ചുവെങ്കിലും അതിനുമുമ്പുള്ള വർഷങ്ങളേക്കാൾ ഉൽപ്പാദനക്ഷമത ഇപ്പോഴും കുറവാണ്. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മദ്ധ്യകേരളത്തിൽ വ്യാപകമായി പടർന്നുപിടിച്ചിട്ടുള്ള കാറ്റുവീഴ്ച എന്ന രോഗം.
2. ഉൽപ്പാദനക്ഷമതകുറഞ്ഞ തെങ്ങുകളുടെ ആധിക്യം.
3. പ്രായാധിക്യമുള്ള തെങ്ങുകളുടെ ബാഹുല്യം.
4. ജലസേചന കുറവ്.
5. ശരിയായ തോതിലുള്ള പരിചരണമുറകളുടെ കുറവ്.
6. ഇടയ്ക്കിടെ ഉണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം എന്നിവ കെടുതികൾ.
7. സ്ഥിതിവിവരക്കണക്കിലെ അപാകത.

(ഇ) ഇതിനുള്ള പരിഹാരമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു †

കരവാരം പഞ്ചായത്തിലെ മണ്ണു സംരക്ഷണ ഓഫീസുകൾ

1949 [3021] ശ്രീമതി ഓർഗ്വവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കരവാരം പഞ്ചായത്തിൽ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2999) കാണുക.

1985ലെ വിരിപ്പുകൃഷി മുതൽ ഈ പദ്ധതി താഴെ വിവരിക്കും പ്രകാരം നടപ്പിലാക്കിവരുന്നു. സഹകരണബാങ്കുകളിൽ നിന്നും, വാണിജ്യ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന കർഷകർക്കു മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളു. ഇതുമൂലം കൃഷിനാശം സംഭവിക്കുമ്പോൾ കർഷകർക്ക് അടുത്ത കൃഷിയിറക്കുന്നതിന് സാമ്പത്തിക സഹായം വായ്പ എടുത്തിരിക്കുന്ന ബാങ്കിൽ നിന്നും കൃത്യമായി ലഭിക്കുന്നു. ലോൺ എടുത്തിട്ടുള്ള എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. നെൽകൃഷിക്കു 2% പ്രീമിയം കർഷകരിൽനിന്നും ഈടാക്കുന്നു. കൃഷിനാശം സംഭവിക്കുകയോ വിളവു കുറയുകയോ ചെയ്യുമ്പോൾ കൃഷിക്കാരനുവരുന്ന ബാദ്ധ്യത 1 : 2 എന്ന അനുപാതത്തിൽ സംസ്ഥാന ഗവൺമെന്റും, കേന്ദ്ര ഗവൺമെന്റും ചേർന്നു വഹിക്കുന്നു. ചെറുകിട പരിമിത കർഷകർക്ക് പ്രീമിയത്തിന്റെ 50% സബ്സിഡിയായി ലഭിക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്നതും അതിന്റെ പുരോഗതി നിരീക്ഷിക്കുന്നതും സഹകരണ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനിയുമായുള്ള ബന്ധങ്ങളും ക്രമീകരിക്കുന്നതും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ്.

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3001) കാണുക.

പട്ടികജാതി-പട്ടികവർഗ്ഗ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ കാർഷിക വികസനം ഉതകുന്ന തരത്തിൽ ഓരോ സ്ഥലത്തിനും യോജിച്ച രീതിയിലുള്ള കാർഷിക പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

വിവിധയിനം നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ അവർക്കു നല്കുന്നു. സസ്യസംരക്ഷണ ഉപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നു. മണ്ണു സംരക്ഷണ പരിപാടികൾ നടപ്പാക്കി ഭൂമി നന്നാക്കിക്കൊടുക്കുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ട്രാക്ടർ, പവ്വർ ടില്ലർ എന്നിവ വിതരണം ചെയ്യുന്നു. ആഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുകയും, കർഷകർക്ക് ആധുനിക കൃഷിരീതിയിൽ പരിശീലനം നല്കുകയും ചെയ്യുന്നു

ഈ പരിപാടികൾ മുഴുവൻ സൗജന്യമായിട്ടാണ് നടപ്പാക്കി വരുന്നത്.

അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3020) കാണുക.

കേര കൃഷി കൂടുതൽ ശാസ്ത്രീയമാക്കുവാനും തദ്വാര ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ട് കേരള സംസ്ഥാന കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. നല്ലയിനം തെങ്ങിൻതൈകളുടെ ഉത്പാദനവും വിതരണവും

(സംസ്ഥന പദ്ധതി)

ഈ പദ്ധതി പ്രകാരം ഉത്തരകേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽനിന്നും ശാസ്ത്രീയമായി വിത്തു തേങ്ങ ശേഖരിക്കുകയും, കൃഷി ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള നഴ്സറികളിൽ പാകി മുളപ്പിച്ച് ഗുണമേൻമയുള്ള തൈകൾ തിരഞ്ഞെടുത്ത് മിതമായ വിലയ്ക്ക് കൃഷിക്കാർക്ക് വിതരണം നടത്തുന്നു. പ്രതിവർഷം ശരാശരി 15 ലക്ഷത്തോളം തൈകൾ ഇപ്രകാരം വിതരണം ചെയ്യുന്നുണ്ട്.

2. സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം

50% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം 50,000 എണ്ണം ടി x ഡി തെങ്ങിൻതൈകൾ പ്രതിവർഷം ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

3. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി ധനസഹായം നല്കുന്ന പദ്ധതി

കേരബോർഡിന്റെ 50% സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് സഹായധനമായി വെട്ടിമാറ്റുന്ന തെങ്ങ് ഒന്നിന് 75 രൂപാവീതം കൃഷിക്കാരനു നല്കുന്നു. ഇക്കൊല്ലം 44,000 തെങ്ങുകൾ സഹായം നല്കി വെട്ടിമാറ്റാൻ ഉദ്ദേശിക്കുന്നു.

4. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം നല്കാനുള്ള പദ്ധതി

കേരബോർഡിന്റെ 50% സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം തെങ്ങിൻതോട്ടങ്ങളിൽ ജലസേചനത്തിനായി വാങ്ങി സ്ഥാപിക്കുന്ന ഓരോ പമ്പു സെറ്റിനും പരമാവധി ആയിരം രൂപയോ, പമ്പുസെറ്റിന്റെ വിലയുടെ 25%മോ ഏതാണ് കുറവ് അത് ഈ പദ്ധതി പ്രകാരം സബ്സിഡിയായി നല്കുന്നു. ഇക്കൊല്ലം 1,200 പമ്പുസെറ്റുകൾ ഇപ്രകാരം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

5. തെങ്ങു കൃഷി വ്യാപന പദ്ധതി

ഇതു നടപ്പാക്കുന്നത് പൂർണ്ണമായും നാളികേര ബോർഡാണ്. അതനുസരിച്ച് പുതുതായി ഒരു ഹെക്ടറിനു തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുന്നതിനും അവയുടെ പരിരക്ഷണത്തിനുമായി 5 കൊല്ലത്തേക്ക് വേണ്ട 12,000 രൂപയുടെ 25%മായ 3,000 രൂപ സബ്സിഡിയായി നല്കുന്നു. ഇക്കൊല്ലം 315 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പാക്കുന്നതാണ്.

6. സമഗ്ര തെങ്ങു മരുന്നുതളി പദ്ധതി

ഒരു സംസ്ഥാന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം രോഗബാധിത പ്രദേശങ്ങളിൽ തെങ്ങുകൾക്ക് ബോർഡോ മിശ്രിതം ആണ്ടിൽ രണ്ടു തവണ തളിക്കുന്നതിന് ആവശ്യമായ തുരിശ് 50% വിലയ്ക്ക് കൃഷിക്കാർക്ക് നല്കുന്നു. ഈ വർഷം ഇപ്രകാരം 4ൽ ലക്ഷം തെങ്ങുകൾക്ക് മരുന്നു തളിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

7. തെങ്ങോല പുഴു നിയന്ത്രിക്കുന്നതിനുള്ള പദ്ധതി

(സംസ്ഥാന പദ്ധതി)

ഈ പദ്ധതി അനുസരിച്ച് തെങ്ങോലപുഴുവിന്റെ ആക്രമണം കാണുന്ന സ്ഥലങ്ങളിൽ എതിർ പ്രാണികളെ യഥാസമയം വിടുകയും പുഴുക്കളെ നിയന്ത്രിക്കുകയുമാണ് ചെയ്യുന്നത്. ഇതിനാവശ്യമായ എതിർപ്രാണികളെ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുന്നതിന് സംസ്ഥാനത്തെ 9 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ 7-ാം പദ്ധതി കാലത്ത് തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ധരിക്കുന്നതിനുമായി ഒരു സമഗ്ര കേര വികസനപദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

അനുബന്ധം IV

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3051) കാണുക.

NAME OF SUB TREASURIES IN THE STATE AS ON 19-11-1986

District Treasury, Kattakada

1. Sub Treasury, Parassala
2. ,, Vizhinjam
3. ,, Neyyattinkara
4. ,, Nedumangad

District Treasury, Thiruvananthapuram

5. Principal Sub Treasury, Thiruvananthapuram
6. Additional Sub Treasury, ,,
7. Sub Treasury, Vellayambalam
8. ,, Kazhakuttam
9. ,, Chirayinkil
10. ,, Varkala
11. Pension Payment Sub Treasury, Thiruvananthapuram

District Treasury, Kollam

12. Sub Treasury, Kollam
13. ,, Chathannoor
14. ,, Karunagappally
15. ,, Kundara

District Treasury, Kottarakara

16. Sub Treasury, Sasthamcottah
17. ,, Kottarakara
18. ,, Punalur

District Treasury, Pathanamthitta

19. Sub Treasury, Pathanamthitta
20. ,, Konni
21. ,, Ranni
22. ,, Kozhencherry

LIBRARY ARCHIVES Kerala Legislative Assembly